(സി&ഡി) സംസ്ഥാന ഭരണത്തിന്റെ എല്ലാ മേഖലകളിലും മുൻ വർഷങ്ങളിലേക്കാൾ സമഗ്രമായ മികവ് വരും വർഷങ്ങളിലും നേടിയെടുക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും നടന്നു വരുന്നത്. വിഷൻ 2030, എമർജിംഗ് കേരളയിലൂടെ നിക്ഷേപ സൗഹൃദ സംസ്ഥാനം, സേവനാവകാശ നിയമം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സംസ്ഥാന ഭരണത്തിൽ സമഗ്രമായ മികവ് നേടിയെടുക്കുന്നതിന് ശ്രമിച്ചുവരുന്നു. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതികവിദ്യയിലൂടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തി വരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കി വരികയാണ്. ഇത് ഫയൽ നീക്കം വളരെ വേഗത്തിലാക്കുകയും ഭരണപരമായ തീരുമാനങ്ങൾക്ക് വേഗം നൽകുകയും ചെയ്യുന്നു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയും ഫീസും സ്വീകരിക്കുന്നത് ഓണലൈൻ വഴി ആക്കുന്നത് സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു.

മത്സ്യത്തൊഴിലാളികളുടെ കടബാധ്യത

29(*29) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും പിന്നോക്കാവസ്ഥയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കടബാധ്യത എഴുതിത്തള്ളുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയ്ക്ക് ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം നീട്ടി നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിങ്ങിൽ വന്ന കാലതാമസംമൂലമാണ് മത്സ്യത്തൊഴിലാളികളുടെ കടബാധ്യത എഴുതിത്തള്ളുന്നതിൽ താമസം വന്നത്. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ യഥാസമയം പരിശോധനകൾ നടത്തി അർഹരായവരുടെ പേരുവിരങ്ങൾ ഉൾപ്പെടുത്തി ഇതുവരെയായി 7 ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കടാശ്വാസ തുക അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. ഇനിയും തീരുമാനമെടുക്കാൻ ബാക്കിയുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനായി അവസാനഘട്ട സിറ്റിംഗുകൾ കമ്മീഷൻ സംഘടിപ്പിച്ചുവരുന്നു.

(ബി) നിലവിലുണ്ടായിരുന്ന മൊറട്ടോറിയത്തിന്റെ കാലാവധി 2015 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്.

മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനം

30(*30) ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യബന്ധന തുറമുഖങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയത്;

(ബി) വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും എന്തൊക്കെ സഹായങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന താഴെപ്പറയുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം:

75% കേന്ദ്രാവിഷ്കൃതപദ്ധതിയിൽ ഉൾപ്പെടുത്തി 4939 ലക്ഷം രൂപയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്ന് ഭരണാനുമതി നൽകിയതനുസരിച്ച് പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly